"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ജൂനിയർ സൂപ്രണ്ട് ശ്രീ രാജേഷ് ആർ. ഫയൽ ചെയ്ത **OA No.48/2025**-നമ്പർ കേസിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ **15/01/2025** ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.**1269/2025/LSGD** തീയതി,തിരുവനന്തപുരം, **23-05-2025**

---

പരാമർശം:-

1. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **17.08.2023** ലെ **LSGD/PD/4615/2023-DEB1** നം. നടപടി ക്രമം.
2. സ.ഉ.(സാധാ) നം. **1803/2023**/തസ്വഭവ തീയതി,**12.09.2023**
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **16.12.2023** ലെ **LSGD/PD/68506/2023-DEB1** നം. നടപടി ക്രമം.
4. സ.ഉ.(കൈ.) നം. **46/2024**/തസ്വഭവ തീയതി, **16/03/2024**
5. **2023** ലെ **OA 2329, 2269, 2262, 2274, 2270, 2314, 2327, 2330 & 2024**-ലെ **OA 9,10,63,169** എന്നീ കേസുകളിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ **19/06/2024** ലെ ഉത്തരവ്.
6. സ.ഉ. (സാധാ) നം. **8/2025**/തസ്വഭവ തീയതി, **01.01.2025**
7. **OA No. 48/2025**-ന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ **15.01.2025** ലെ അന്തിമ ഉത്തരവ്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ വകുപ്പിൽ ആലപ്പുഴ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചു വരവേ മുതുകുളം ഗ്രാമ പഞ്ചായത്തിലേക്ക് പുനർ വിന്യസിച്ച് നിയമിച്ച നടപടിക്കെതിരെ ജൂനിയർ സൂപ്രണ്ട് ശ്രീ. രാജേഷ് ആർ. ഫയൽ ചെയ്തിരുന്ന **OA 2312/2023** നമ്പർ കേസിലേയും, സമാന വിഷയത്തിന്മേലുള്ള **2023**-ലെ **OA 2329, 2269, 2262, 2274, 2270, 2314, 2327, 2330, 2024**-ലെ **9,10,63,169** എന്നീ കേസുകളിന്മേലുമുള്ള

പരാമർശം 5-ലെ പൊതു ഉത്തരവ് പ്രകാരം പരാതിക്കാരോട് ഒന്നാം എതിർ കക്ഷി മുമ്പാകെ അപേക്ഷ സമർപ്പിക്കുവാനും, അപ്രകാരം സമർപ്പിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ പരാതിക്കാരെ നേരിൽ കേട്ട് നിയമാനുസൃതം തീരുമാനമെടുക്കുവാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിനും നിർദ്ദേശം നൽകിയിരുന്നു. മേൽ ഉത്തരവ് പ്രകാരം ശ്രീ. രാജേഷിൽ നിന്നും സർക്കാരിൽ നേരിട്ട് പരാതി ലഭിക്കാത്തതിനാൽ ടിയാളെയൊഴികെ സർക്കാരിൽ പരാതി സമർപ്പിച്ചവരെ നേരിൽ കേൾക്കുകയും പരാമർശ ഹർജികളിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിൽ ബഹു. ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച് ഒന്നാം എതിർ കക്ഷി പരാമർശം 6 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിൽ പരാമർശിക്കും പ്രകാരം, തന്നെ നേരിൽ കേട്ടിട്ടില്ലാത്തതാണെന്നും ആയതിനാൽ തനിക്ക് ബോധിപ്പിക്കാനുള്ളത് നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും അഭ്യർത്ഥിച്ച് ശ്രീ. രാജേഷ് ആർ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 48/2025 കേസിന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം 7-ലെ അന്തിമ ഉത്തരവിൽ അപേക്ഷകനെ നേരിൽ കേൾക്കുവാനും ടിയാളുടെ Anne A5 ആയുള്ള അപേക്ഷ പരിഗണിച്ച് ഉചിതമായ നടപടി സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു.

2. പെർഫോമൻസ് ഓഡിറ്റ് വിഭാഗം ജീവനക്കാരെ സ്ഥലംമാറ്റിയ ഉത്തരവിൽ "ഡിപ്ലോയ്മെന്റിനായി സമ്മത പത്രം നൽകിയിട്ടുള്ളവരേയും അതിനു ശേഷം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ ജൂനിയർ ആയിട്ടുള്ളവരേയും ആണ് ഡിപ്ലോയ് ചെയ്തിരിക്കുന്നത് എന്നാണ് പരാമർശിക്കുന്നത് എങ്കിലും, 02.4.2022 ൽ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും, ജൂനിയർ സൂപ്രണ്ടുമാരിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ നാലാം സ്ഥാനത്തുള്ളതും ഡിപ്ലോയ്മെന്റിനായി സമ്മതപത്രം നൽകിയിട്ടില്ലാത്തതുമായ ശ്രീമതി മിറ്റ്സി കെ. വർഗീസിനെ ഇന്റേണൽ വിജിലൻസ് ഓഫീസിലേക്ക് ഡിപ്ലോയ് ചെയ്തിട്ടുണ്ടെന്നും, കൂടാതെ, ഇൻകുബെൻസിയിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി സ്ഥലംമാറ്റത്തിന് അപേക്ഷപോലും സമർപ്പിക്കാത്ത ശ്രീമതി സുജാത എന്നയാൾക്ക് 2023-ലെ പൊതു സ്ഥലമാറ്റം മുഖേന ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിയമനം ലഭിച്ചിട്ടുണ്ടെന്നും, "ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർബന്ധിതമായി പുനർ വിന്യസിച്ചവരെ ടി കാര്യാലയത്തിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് മുൻഗണന നൽകി തിരികെ പ്രവേശിപ്പിക്കേണ്ടതാണെന്ന് വകുപ്പിലെ സ്ഥലമാറ്റ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന പരാമർശം 4 ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതും കൂടാതെ പരാമർശം 6 ഉത്തരവിലും അപ്രകാരം നടപടി സ്വീകരിക്കാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും എന്നാൽ സമ്മതപ്രകാരമല്ലാതെ നിർബന്ധിതമായി പുനർ വിന്യസിക്കപ്പെട്ട തന്നേയും ശ്രീ.നൗഫൽ, ശ്രീ.സന്തോഷ് എന്നിവരേയും പരിഗണിക്കാതെ സ്വമേധയാ സമ്മതപത്രം നൽകിയതിന്റെ

അടിസ്ഥാനത്തിൽ പാണ്ടനാട് ഗ്രാമ പഞ്ചായത്തിലേക്ക് പുനർവിന്യസിച്ച ശ്രീ.സുധൻ എന്നയാളിനെ നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി തിരികെ നിയമിച്ചിട്ടുള്ളതാണെന്നും ആയത് മൂലം നിർബന്ധപൂർവ്വം പുനർവിന്യസിക്കപ്പെട്ടവരുടെ അർഹത നഷ്ടപ്പെടുകയുണ്ടായെന്നും ആയത് നീതി നിഷേധമാണെന്നും, ആയതിനാൽ ശ്രീമതി സുജാതയുടെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലേക്കുള്ള നിയമനം റദ്ദാക്കി ടിയാളെ ജൂനിയറായി കണക്കാക്കി മുതുകുളം ഗ്രാമ പഞ്ചായത്തിലേക്ക് പുനർവിന്യസിച്ച് പകരം അപേക്ഷകനെ ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് തിരികെ നിയമിക്കുകയോ അല്ലെങ്കിൽ, നിലവിൽ ഇന്റേണൽ വിജിലൻസിലേയ്ക്ക് ഡിപ്ലോയ് ചെയ്തിട്ടുള്ളതും സീനിയർ ആയിട്ടുള്ളതുമായ ശ്രീമതി മിററ്സി കെ വർഗീസിന്റെ ഡിപ്ലോയ്മെന്റ് റദ്ദാക്കി പ്രസ്തുത ഇന്റേണൽ വിജിലൻസ് സ്ഥാനത്തേയ്ക്ക് അപേക്ഷകനെ നിയമിച്ച് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽതന്നെ നിലനിർത്തുകയോ ചെയ്യുന്നതിനായി ഉത്തരവാകണമെന്നും ഇതു സംബന്ധിച്ച് ടിയാളെ നേരിൽ കേൾക്കണമെന്നതുമാണ് അനക്ഷർ എ5 പ്രകാരമുള്ള അപേക്ഷയിലെ ആവശ്യം.

3. ശ്രീ. രാജേഷിനെ നേരിൽ കേൾക്കാത്തതിനെതിരെയാണ് ടിയാൾ **OA 48/2025** കേസ് ഫയൽ ചെയ്തിരുന്നത് എന്നതിനാൽ ബഹു. ട്രിബ്യൂണൽ ഉത്തരവ് പ്രകാരം ശ്രീ. രാജേഷിനെ നേരിൽ കേൾക്കുകയുണ്ടായി. തദവസരത്തിൽ പരാമർശ കേസ് സംബന്ധിച്ച് ശ്രീ. രാജേഷ് ചുവടെപ്പറയും പ്രകാരം വിശദീകരിക്കുകയും ആയത് എഴുതി സമർപ്പിക്കുകയും ചെയ്തു.

*തദ്ദേശ സ്വയംഭരണ വകുപ്പിൽ ജൂനിയർ സൂപ്രണ്ടായി മലപ്പുറം ജില്ലയിൽ ജോലി നോക്കിയിരുന്ന അപേക്ഷകൻ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) സ്ഥലംമാറ്റ ഉത്തരവിലൂടെയാണ് ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിച്ചതെന്നും, ടിയാൻ ബഹു ട്രൈബ്യൂണൽ മുമ്പാകെ സമർ പ്പിച്ചിരിക്കുന്ന **O A 2312/2023** ഹർജിയിൽ രണ്ടാം എതിർ കക്ഷിയായ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള എതിർ സത്യവാങ്മൂലത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കളവായതും കെട്ടിചമച്ചതുമാണെന്നും, ടി എതിർ സത്യവാങ്മൂലത്തിൽ പറഞ്ഞിരിക്കുന്നത് "ഡിപ്ലോയ്മെന്റിനായി സമ്മത പത്രം നൽകിയിട്ടുള്ളവരേയും അതിനു ശേഷം ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ ജൂനിയർ ആയിട്ടുള്ളവരേയും ആണ് ഡിപ്ലോയ് ചെയ്തിരിക്കുന്നത് എന്നാണെന്നും, എന്നാൽ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലി ചെയ്തുവരുന്ന ശ്രീമതി മിററ്സി കെ. വർഗ്ഗീസ് എന്നയാൾ **0/4/2022**-ൽ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചയാളും നിലവിലുള്ള ജൂനിയർ സൂപ്രണ്ടുമാരിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ നാലാം സ്ഥാനത്തുള്ള ആളും ഡിപ്ലോയ്മെന്റിനായി സമ്മതപത്രം നൽകിയിട്ടില്ലെന്നുമിരിക്കെ ടിയാളെ ഇന്റേണൽ വിജിലൻസ് ഓഫീസിലേക്ക് **(IVO)** ഡിപ്ലോയ് ചെയ്തിട്ടുണ്ടെന്നും **11/6/2024** ൽ ജില്ലാ ജോയിന്റ് ഡയറക്ടർ*

ഓഫീസിൽ നിന്നും ലഭിച്ച വിവരാവകാശ അപേക്ഷയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണെന്നും, ആയതിനാൽ തെറ്റായി പുനർ വിന്യസിക്കപ്പെട്ട ശ്രീമതി മിറ്റ്സി കെ.വർഗ്ഗീസിനെ IVO ഓഫീസിലേക്ക് പുനർവിന്യസിച്ച നടപടി റദ്ദ് ചെയ്ത് പകരം നിലവിൽ നിർബന്ധപൂർവ്വം പുനർവിന്യസിക്കപ്പെട്ടവരെ IVO ഓഫീസിലേക്ക് നിയമിക്കേണ്ടതാണെന്നും, ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർബന്ധിതമായി പുനർ വിന്യസിക്കപ്പെട്ട കാര്യാലയത്തിലെ ജീവനക്കാർക്ക് അതാത് ജോയിന്റ് ഡയറക്ടറുടെ ഒഴിവുകളിൽ നിയമനത്തിന് മുൻഗണന ഉണ്ടായിരിക്കുന്നതാണെന്നു് പരാമർശം 4 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളതും ഇപ്രകാരം ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിലനിർത്തിയിരിക്കുന്ന തസ്തികകളിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് പരാമർശം 6 ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ഹർജിക്കാർക്ക് മുൻഗണന നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും സമ്മതപ്രകാരമല്ലാതെ നിർബന്ധിതമായി പുനർ വിന്യസിക്കപ്പെട്ട ടിയാളേയും ശ്രീ.നൗഫൽ, ശ്രീ.സന്തോഷ്, എന്നിവരേയും പരിഗണിക്കാതെ സ്വമേധയാ സമ്മതപത്രം നൽകിയതിന്റെ അടിസ്ഥാനത്തിൽ പാണ്ടനാട് ഗ്രാമ പഞ്ചായത്തിലേക്ക് പുനർവിന്യസിച്ച ശ്രീ.സുധൻ എന്നയാളിനെ മാനദണ്ഡങ്ങൾക്കും സർക്കാർ ഉത്തരവിനും വിരുദ്ധമായി തിരികെ നിയമിച്ചതുവഴി നിർബന്ധപൂർവ്വം പുനർവിന്യസിക്കപ്പെട്ടവരുടെ അർഹതയും അവകാശങ്ങളും ഹനിച്ചിട്ടുള്ളതും ആയത് നീതി നിഷേധവുമാണ് എന്നും, ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സീനിയറായിട്ടുള്ള ശ്രീമതി മിറ്റ്സി കെ വർഗീസ്, ശ്രീ രഞ്ജിത്ത് ആർ. നായർ എന്നിവരെ ഇന്റേണൽ വിജിലൻസ് ഓഫീസിലേയ്ക്കാണ് പുനർവിന്യസിച്ചിട്ടുള്ളതെങ്കിലും ടിയാളുകൾ നിലവിലും ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലാണ് ജോലി ചെയ്തു വരുന്നതെന്നും, നിലവിൽ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ടായി ജോലി നോക്കി വരുന്ന ശ്രീമതി സുജാത എന്നയാൾ 2023 ലെ പൊതു സ്ഥലമാറ്റത്തിന് ഇൻകുമ്പൻസിയിൽ തെറ്റായ വിവരങ്ങൾ ചേർത്ത് സ്ഥലംമാറ്റത്തിന് അപേക്ഷ പോലും സമർപ്പിക്കാതെയാണ് ടിയാൾ ജോലി ചെയ്ത് വന്നിരുന്ന ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അനർഹമായി സ്ഥലമാറ്റം നേടിയതെന്നും, അതിന്മേൽ ശ്രീ. രാമകൃഷ്ണൻ എന്ന ആൾ സമർപ്പിച്ച പരാതി പരിശോധിച്ച് ടി സ്ഥലംമാറ്റത്തിൽ തെറ്റ് സംഭവിച്ചിട്ടുണ്ട് എന്ന് കണ്ടെത്തിയിട്ടുള്ളതും എന്നാൽ നാളിതുവരെ ടി പിഴവ് തിരുത്തിയിട്ടില്ലാത്തതുമാണെന്നും, ശ്രീമതി സുജാത ക്രമവിരുദ്ധമായും തെറ്റായും ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലേക്ക് സ്ഥലംമാറ്റം നേടിയത് വഴി സമ്മതപ്രകാരമല്ലാതെ നിർബന്ധിതമായി പുനർ വിന്യാസിക്കപ്പെട്ടവരായിട്ടുള്ള അപേക്ഷകൻ ഉൾപ്പെടെ ശ്രീ.നൗഫൽ ശ്രീ.സന്തോഷ് എന്നിവരുടെ സീനിയോറിറ്റിയെ ബാധിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ക്രമവിരുദ്ധമായി ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിയമിക്കപ്പെട്ട ശ്രീമതി സുജാതയുടെ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലേയ്ക്കുള്ള നിയമനം റദ്ദാക്കി

*ടിയാളെ ജൂനിയറായി കണക്കാക്കി മുതുകുളം ഗ്രാമ പഞ്ചായത്തിലേക്ക് പുനർവിന്യസിച്ച് പകരം അപേക്ഷകനെ ജോയിന്റ് ഡയറക്ടർ ഓഫീസിലേക്ക് തിരികെ നിയമിക്കുകയോ അല്ലെങ്കിൽ നിലവിൽ ഇന്റേണൽ വിജിലൻസിലേയ്ക്ക് ഡിപ്ലോയ് ചെയ്തിട്ടുള്ളതും സീനിയർ ആയിട്ടുള്ളതുമായ ശ്രീമതി മിറ്റ്സി കെ. വർ ഗീസിന്റെ ഡിപ്ലോയ്മെന്റ് റദ്ദാക്കി പ്രസ്തുത ഇന്റേണൽ വിജിലൻസ് സ്ഥാനത്തേയ്ക്ക് അപേക്ഷകനെ നിയമിച്ച് ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽതന്നെ നിലനിർത്തുകയോ ചെയ്യുന്നതിന് നടപടിയാകണം എന്നും,* ***01.01.2025*** *ലെ ഉത്തരവ് പുറപ്പെടുവിച്ച വേളയിൽ തന്നെ നേരിൽ കേട്ടിരുന്നില്ലെന്നും ആയതിനാലാണ് അനക്ഷർ എ5 അപേക്ഷയിൽ തീരുമാനത്തിനായി* ***OA 48/2025*** *കേസ് ഫയൽ ചെയ്തതെന്നും നേരിൽ കേട്ട അവസരത്തിൽ ശ്രീ. രാജേഷ് ബോധിപ്പിക്കുകയുണ്ടായി.*

**4.** ഹർജി കക്ഷിയുടെ പരാതിയിലെ ആവശ്യം ടിയാൾ ഫയൽ ചെയ്തിരുന്ന **OA 2312/2023** നമ്പർ കേസിന്മേലുൾപ്പെടെയുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം **5** പൊതു ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ച വേളയിൽ പരിശോധിച്ചിട്ടുള്ളതാണ്. തദവസരത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ചുവടെപ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

*മുൻ പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് വിംഗിൽ ഉണ്ടായിരുന്നതും നിലവിൽ ജോയിന്റ് ഡയറക്ടർ ഓഫീസിന്റെ ഭാഗവുമായ* ***137*** *ജൂനിയർ സൂപ്രണ്ട് തസ്തികകൾ പുനർവിന്യസിച്ച് കൊണ്ട്* ***12.09.2023*** *ലെ സ.ഉ.(സാധാ) നം.* ***1803/2023/****തസ്വഭവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ടി ഉത്തരവിൽ പെർഫോമൻസ് ഓഡിറ്റ് വിംഗിലെ* ***30*** *ജൂനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുള്ള ഇന്റേണൽ വിജിലൻസ് സംവിധാനത്തിലും,* ***76*** *ജൂനിയർ സൂപ്രണ്ട് തസ്തികകൾ അസിസ്റ്റൻ്റ് സെക്രട്ടറി തസ്തിക നിലവില്ലാത്ത ഗ്രാമപഞ്ചായത്തുകളിലും,* ***31*** *ജൂനിയർ സൂപ്രണ്ട് തസ്തികകൾ നഗരസ്വഭാവമുള്ളതും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ ആവശ്യമുള്ളതുമായ ഗ്രാമപഞ്ചായത്തുകളിലും പുനർവിന്യസിച്ചിട്ടുള്ളതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് വിംഗിൽ നിന്നും ജോയിന്റ് ഡയറക്ടർ ഓഫീസുകളുടെ ഭാഗമാക്കിയിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികകൾ പുനർവിന്യസിച്ച് കൊണ്ടാണ് പഞ്ചായത്ത് ഡയറക്ടർ പരാമർശം* ***3*** *പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.*

*ജോയിന്റ് ഡയറക്ടർ ഓഫീസുകളിലുള്ള ജൂനിയറായിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാരെ ടി ജീവനക്കാരുടെ ലാവണം ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിലനിർത്തികൊണ്ട് ടി ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും അതത് ജില്ലാ ജോയിന്റ് ഡയറക്ടറേറ്റുകളിൽ നിന്ന് തന്നെ അനുവദിക്കേണ്ടതാണെന്ന വ്യവസ്ഥയിലാണ് പുനർവിന്യസിച്ച് ഉത്തരവായിട്ടുള്ളത്. ആയത് പരാമർശം* ***2***

*ഉത്തരവ് പ്രകാരമുള്ള ക്രമീകരണത്തിന്റെ ഭാഗമായുള്ള പുനർവിന്യാസം മാത്രമാണ്. ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ചില ജീവനക്കാർ പുനർവിന്യാസത്തിലൂടെ ജോലി ചെയ്യുവാൻ സന്നദ്ധത അറിയിച്ചിരുന്നതും ഇപ്രകാരം സന്നദ്ധത അറിയിച്ചവരെയും, ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ ശേഷിക്കുന്ന ജൂനിയർ സൂപ്രണ്ടുമാരിൽ ഓഫീസിൽ സേവനദൈർഘ്യം കുറഞ്ഞ (ജൂനിയർ) ജീവനക്കാരെയുമാണ് പുനർവിന്യസിച്ചത്.*

*ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.രാജേഷ് ആർ-നെ പരാമർശം **3** പ്രകാരം ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിലേയ്ക്ക് പുനർവിന്യസിച്ചിരുന്നു. ടി ഉത്തരവിനെതിരെയാണ് ടിയാൻ ബഹു.ട്രിബ്യൂണലിൽ **OA 2312/2023** പ്രകാരം കേസ് ഫയൽ ചെയ്തിരുന്നത്. ആലപ്പുഴ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ **16** സൂപ്രണ്ടുമാരിൽ **10** പേരെയാണ് പുനർവിന്യസിച്ചിട്ടുള്ളത്. ആയതിൽ **2** പേർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, **8** പേർ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോയിന്റ് ഡയറക്ടർ ഓഫീസിലെ പ്രവേശന തീയതി വെച്ച് ജൂനിയറായിട്ടുള്ള ജീവനക്കാരുമാണ്. **OA 2312/2023**-ൽ നാലാം കക്ഷിയായി ചേർക്കപ്പെട്ടിട്ടുള്ള ശ്രീമതി. രശ്മിപ്രിയ **15.06.2020** തീയതിയിലും, പരാതി കക്ഷിയായ ശ്രീ.രാജേഷ് ആർ. **08.09.2023** തീയതിയിലുമാണ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്. ജോയിന്റ് ഡയറക്ടർ ഓഫീസിലെ പ്രവേശന തീയതി പ്രകാരം ശ്രീ. രാജേഷ് ആർ. ജൂനിയറായിട്ടുള്ള ജീവനക്കാരനാണ്. ടി കേസിൽ അഞ്ചാം കക്ഷിയായി ചേർക്കപ്പെട്ടിട്ടുള്ള ശ്രീ.കെ.പി.മധുവിനെ **02.02.2024** ലെ **LSGD/PD/68506/2023-DEB1** നമ്പർ ഉത്തരവ് പ്രകാരം പുനർവിന്യസിച്ചിട്ടുള്ളതാണ്.*

**5.** എന്നാൽ, **OA 2312/2023** നമ്പരായി ഫയൽ ചെയ്ത കേസിൽ പരാമർശിക്കാത്ത ജീവനക്കാരുടെ പേരുകളാണ്, *നേരിൽ കേട്ടില്ല* എന്ന ആക്ഷേപമുന്നയിച്ച് ഫയൽ ചെയ്ത **OA 48/2025** കേസിലെ അനക്ഷർ എ5 പ്രകാരമുള്ള നിവേദനത്തിൽ ശ്രീ. രാജേഷ് പരാമർശിച്ചിരിക്കുന്നത്. ആയതിൽ **IVO** ഓഫീസിലേയ്ക്ക് പുനർവിന്യസിച്ച ശ്രീമതി മിറ്റ്സി കെ. വർഗീസ്, ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ സീനിയറാണെന്ന് അപേക്ഷകൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി സുജാത, ശ്രീ. സുധൻ എന്നിവരുടെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ നിയമനം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നു. ആയത് സംബന്ധിച്ച റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല.

**6.** ലഭ്യമായ രേഖകളുടെയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും ഹർജി കക്ഷിയ നേരിൽ കേട്ടതിന്റേയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിഷയം പരിശോധിച്ചു. തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരണത്തിന്റെ

ഭാഗമായി ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ് നിലവിൽ വന്ന സാഹചര്യത്തിലും, പെർഫോമൻസ് വിഭാഗം നിർത്തലാക്കുകയും ആയത് ജില്ലാ ഓഫീസുകളുടെ ഭാഗമാക്കുകയും ചെയ്തിട്ടുള്ളതിനാലും ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ സ്ഥലംമാറ്റങ്ങൾ നിലവിലുള്ള പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായും വകുപ്പിന് പ്രത്യേകമായി നിശ്ചയിച്ചിട്ടുള്ള അതാത് വർഷത്തെ സ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായും നടത്തപ്പെടേണ്ടതാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തസ്തികകൾ പുനർ വിന്യസിക്കപ്പെടുമ്പോൾ കേഡർ സ്ട്രെങ്ത്തിലുണ്ടാകുന്ന വ്യതിയാനം മൂലം ജീവനക്കാരെ സ്ഥലംമാറ്റേണ്ട സാഹചര്യം സംജാതമാകുന്നത് സ്വാഭാവികമാണ്. തസ്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായും മറ്റും ഓഫീസുകളിൽ അധിക ജീവനക്കാർ ഉണ്ടാകുന്ന വേളയിൽ നിലവിലെ വ്യവസ്ഥ പ്രകാരം, നിർദ്ദിഷ്ട ഓഫീസുകളിൽ ജൂനിയറായിട്ടുള്ളവരെയാണ് സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത്. **OA 48/2025** നമ്പർ കേസിൽ ഉൾപ്പെടുത്തിയിരിക്കുന്ന അനക്സർ **A5** ഹർജിയിൽ പേര് ചേർത്തിരിക്കുന്ന ശ്രീമതി. മിറ്റ്സി കെ. വർഗ്ഗീസ് എന്നയാൾ **02/4/2022**-ൽ ആലപ്പുഴ ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിൽ ജോലിയിൽ പ്രവേശിച്ചതായും നിലവിലുള്ള ജൂനിയർ സൂപ്രണ്ടുമാരിൽ സീനിയോറിറ്റി അടിസ്ഥാനത്തിൽ മൂന്നാം സ്ഥാനത്തുള്ള ആളാണെന്നും അപേക്ഷകന്റെ ഹർജിയിൽ തന്നെ പരാമർശിച്ചിട്ടുണ്ട്. ഹർജിക്കാരനായ ശ്രീ. രാജേഷ് ടി ഓഫീസിൽ ജോലിയിൽ പ്രവേശിച്ചത് പ്രിൻസിപ്പൽ ഡയറക്ടറുടെ **17.08.2023**-ലെ ഉത്തരവ് പ്രകാരമാണ് എന്നതിനാൽ ടിയാൾ എതിർ കക്ഷിയേക്കാൾ ജൂനിയറും നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയനുമാണ്. ആയതിനാൽ പുനർ വിന്യാസ വേളയിൽ ശ്രീമതി മിറ്റ്സി കെ. വർഗ്ഗീസിനെ ടി ഓഫീസിൽ നിലനിർത്തിയ നടപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. **OA 2312/2023** നമ്പർ കേസിന്മേൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ആലപ്പുഴ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ **16** സൂപ്രണ്ടുമാരിൽ **10** പേരെയാണ് പുനർവിന്യസിച്ചിട്ടുള്ളത്. ആയതിൽ **2** പേർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതും, **8** പേർ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോയിന്റ് ഡയറക്ടർ ഓഫീസിലെ പ്രവേശന തീയതി വെച്ച് ജൂനിയറായിട്ടുള്ള ജീവനക്കാരുമാണ്. **OA 2312/2023**-ൽ നാലാം കക്ഷിയായി ചേർക്കപ്പെട്ടിട്ടുള്ള ശ്രീമതി. രശ്മിപ്രിയ **15.06.2020** തീയതിയിലും, പരാതി കക്ഷിയായ ശ്രീ. രാജേഷ് ആർ. **08.09.2023** തീയതിയിലുമാണ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്. ജോയിന്റ് ഡയറക്ടർ ഓഫീസിലെ പ്രവേശന തീയതി പ്രകാരം ശ്രീ. രാജേഷ് ആർ. ജൂനിയറായിട്ടുള്ള ജീവനക്കാരനാണ്. ആയതിനാൽ പുനർ വിന്യസിക്കപ്പെട്ട തസ്തികകൾ ജോയിന്റ് ഡയറക്ടറുടെ ഓഫീസിലെ കേഡർ സ്ട്രെങ്ത്തിൽ ഉൾപ്പെടുത്തി ടി ഓഫീസിലെ തസ്തികകൾ പുനർ നിശ്ചയിച്ചതിൻ പ്രകാരം അധികരിക്കപ്പെട്ട ജീവനക്കാരെ സ്ഥലംമാറ്റയിപ്പോൾ **last in first out** തത്വം പ്രകാരം ജൂനിയറായിട്ടുള്ള ഹർജി കക്ഷിയെ സ്ഥലംമാറ്റിയ നടപടിയിലും അപാകതയുള്ളതായി കാണുന്നില്ല. എന്നാൽ, ഹർജിയിൽ പരാമർശിച്ചിരിക്കും പ്രകാരം ഇൻകുബെൻസിയിൽ

തിരുത്തൽ വരുത്തിയും സ്ഥലംമാറ്റത്തിന് അപേക്ഷ നൽകാതെയും ആലപ്പുഴ ജോയിന്റ് ഡയറക്ടരുടെ ഓഫീസിൽ നിയമനം ലഭിച്ച ശ്രീമതി സുജാതയുടേയും, സ്വമേധയാ സ്ഥലംമാറ്റം ആവശ്യപ്പെട്ട് പാണ്ടനാട് ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലംമാറി പോയ ശ്രീ. സുധന്റേയും ടി ഓഫീസിലെ നിയമനം പ്രിൻസിപ്പൽ ഡയറക്ടർ പ്രത്യേകം പരിശോധിക്കേണ്ടതാണ്. വകുപ്പിലെ സ്ഥലംമാറ്റം സംബന്ധിച്ച് പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുള്ള പരാമർശം 4 ഉത്തരവിലെ പൊതു നിർദ്ദേശം 1 (ക്യു) പ്രകാരം ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർബന്ധിതമായി പുനർവിന്യക്കപ്പെട്ട ജീവനക്കാരിൽ അതത് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് തിരികെ പോകുന്നതിന് താത്പര്യപ്പെടുന്നവർക്ക് അതത് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് നിയമനത്തിന് മുൻഗണനയുണ്ടായിരിക്കുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ആലപ്പുഴ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവുണ്ടാകുന്ന മുറയ്ക്ക് നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയനായ ഹർജി കക്ഷി ശ്രീ.ആർ രാജേഷിനെ തിരിക പ്രവേശിപ്പിക്കണമെന്ന ടിയാളുടെ ആവശ്യം പരിഗണനാർഹമായി കാണുന്നു.

7. മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ മുൻ പഞ്ചായത്ത് വകുപ്പിലെ പെർഫോമൻസ് ഓഡിറ്റ് വിംഗിൽ ഉണ്ടായിരുന്നതും നിലവിൽ ജോയിന്റ് ഡയറക്ടർ ഓഫീസിന്റെ ഭാഗവുമായ ജൂനിയർ സൂപ്രണ്ട് തസ്തികകൾ കൂടി ഉൾപ്പെടുത്തി ആലപ്പുഴ ജില്ലാ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് തസ്തികകൾ പുനഃക്രമീകരിച്ചപ്പോൾ നിർബന്ധിതമായി പുനർ വിന്യസിക്കപ്പെട്ട **OA 48/2025** നമ്പർ കേസിലെ ഹർജി കക്ഷി ശ്രീ.ആർ. രാജേഷിന്റെ **Anne A5** ഹർജിയിലെ ആവശ്യം, പരാമർശം 4 ഉത്തരവിലെ പൊതുനിർദ്ദേശം 1 (ക്യു)-ലെ വ്യവസ്ഥകൾക്ക് വിധേയമായി, ടി ഓഫീസിൽ ജൂനിയർ തസ്തികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക്, അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

**8. OA No.48/2025** ന്മേലുള്ള ബഹു. ട്രിബ്യൂണലിന്റെ പരാമർശം (7) ഉത്തരവ് ഇപ്രകാരം നടപ്പിലാക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരള , തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
ശ്രീ രാജേഷ് ആർ., ജൂനിയർ സൂപ്രണ്ട്, ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
തദ്ദേശ സ്വയം ഭരണ വകുപ്പ്, ആലപ്പുഴ-**688001** *(തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)*
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഇപിബി1/22/2025-തസ്വഭവ നം)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
Date: 23-05-2025 15:02:22
സെക്ഷൻ ഓഫീസർ